LIBRARY ARCHIVES Kerala Legislative Assembly

കപ്പിവെള്ളത്തിന്റെ ഗുണനിലവാരം

98 (805) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കപ്പിവെള്ള നിർമ്മാണ കമ്പനികൾ വില്പന നടത്തുന്ന വെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നുണ്ടോ ; ഇതുവരെ കേസുകൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്തൊട്ടാകെ കുപ്പിവെള്ള കമ്പനികൾ ഉല്പാദിപ്പിക്കുന്ന 17 സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി ഫുഡ് അനലിസ്റ്റ് ലാബിൽ അയച്ചതിൽ ഒരെണ്ണം ഭക്ഷ്യസുരക്ഷാ നിലവാര നിയമങ്ങൾ, ചട്ടങ്ങൾ, നിബന്ധനകൾ എന്നിവ പ്രകാരം സുരക്ഷിതമല്ലാത്തതാണെന്ന് കണ്ടെത്തുകയും ടി കുപ്പിവെള്ള കമ്പനിക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്. നിലവാരമില്ലാത്ത കുപ്പിവെള്ളത്തിന്റെ ഉത്പാദകർ, കാവിൽ ഇൻഡസ്ട്രീസ്, ആറ്റിങ്ങൽ ആണ്. ശേഷിച്ച 16 സാമ്പിളുകൾ ഗുണനിലവാരം പുലർത്തുന്നതാണ്.

ഭക്ഷ്യവസ്തുക്കളിൽ മായവും വിഷ വസ്തുക്കളും

99 (806) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണക്കാലത്തു വിറ്റഴിച്ച ഭക്ഷ്യ വസ്തുക്കളിലും ഭക്ഷ്യ വിഭവങ്ങളിലും മാരകമായ വിഷവസ്തുക്കൾ ഉണ്ടായിരുന്നുവെന്ന ലബോറട്ടറി പരിശോധനാ ഫലങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് വിപണനം നടത്തുന്ന ഭക്ഷ്യവസ്തുക്കളിൽ മായവും, വിഷവസ്തുക്കളും കലർത്തിയിട്ടില്ലെന്നു കണ്ടെത്താൻ സ്ഥിരമായ മുൻകൂർ പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓണക്കാലത്ത് തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് ലഭിച്ച ഭക്ഷ്യവസ്തുക്കളിലും ഭക്ഷ്യവിഭവങ്ങളിലും മാരകമായ വിഷവസ്തുക്കൾ ഉണ്ടായിരുന്നതായി കണ്ടെത്തിയിട്ടില്ല. എറണാകുളം റീജിയണൽ അനലറ്റിക്കൽ ലബോറട്ടറിയിൽ പരിശോധിച്ച 406 ഭക്ഷ്യവസ്തുക്കളിൽ 10 എണ്ണം ഭക്ഷ്യയോഗ്യമല്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്.

ക്രമ നമ്പർ	ഭക്ഷ്യവസ്തുക്കൾ	ഭക്ഷ്യയോഗ്യമല്ലാത്തത്
1	ഹാൻസ് ചാപ്പ് ടുബാക്കോ	1 (contains Nicotine)
2	മഞ്ഞൾപ്പൊടി	1 (dead & living insects present)
3	തുവരപരിപ്പ്	2 (കൃത്രിമ ചായം-ടാർട്രാസിൽ)
4	പ്ലം കേക്ക്	1 (fungus infected)
5	ചിക്കൻ ഷവായ്	1 (കൃത്രിമ ചായം sunset yellow FCF)
6	വറുത്ത കായ	1 (കൃത്രിമ ചായം-ടാർട്രാസിൽ)
7	ചില്ലി ചിക്കൻ മസാല	1 (കൃത്രിമ ചായം-carmoisione & sunset yellow FCF)
8	ചായപ്പൊടി	1 (ഇരുമ്പുപൊടി കലർന്നത്)
9	പച്ചരി	1 (dead & living insects present)

കോഴിക്കോട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറിയിൽ പരിശോധിച്ച 210 ഭക്ഷ്യവസ്തുക്കളിൽ 7 എണ്ണം ഭക്ഷ്യയോഗ്യമല്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്.

ക്രമ നമ്പർ	ഭക്ഷ്യവസ്തുക്കൾ	ഭക്ഷ്യയോഗ്യമല്ലാത്തത്
1	ബനാന ചിപ്പ്സ്	കൃത്രിമ ചായം
2	റീ ഡസ്റ്റ്	ഇരുമ്പുപൊടി കലർന്നത്
3	ബീഫ് ഫ്രൈ	കൃത്രിമ ചായം
4	ചിക്കൻ റോസ്റ്റ്	കൃത്രിമ ചായം
5	പായസ പരിപ്പ്	കൃത്രിമ ചായം
6	ചിക്കൻ ഫ്രൈ	കൃത്രിമ ചായം
7	ലഡു	കൃത്രിമ ചായം നിർദ്ദിഷ്ട അളവിനെക്കാൾ കൂടുതൽ

(സി) സംസ്ഥാനത്ത് വിപണനം നടത്തുന്ന ഭക്ഷ്യവസ്തുക്കളിൽ മായവും വിഷവസ്തുക്കളും കലർത്തിയിട്ടില്ലെന്നു കണ്ടെത്താൻ സ്ഥിരമായ മുൻകൂർ പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

വൈക്കത്തഷ്ടമിയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ മുന്നൊരുക്കങ്ങൾ

100 (807) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനലക്ഷങ്ങളുടെ സാന്നിദ്ധ്യമുണ്ടാകുന്ന വൈക്കത്തഷ്ടമിക്ക് മുന്നോടിയായി ആരോഗ്യ വകുപ്പ് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വൈക്കത്തഷ്ടമിയുമായി ബന്ധപ്പെട്ട് അഷ്ടമി ദിവസങ്ങളിൽ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ സാന്നിദ്ധ്യവും പരിശോധനകളും ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) വൈക്കത്തഷ്ടമിയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ എത്ര ജീവനക്കാരെയാണ് പ്രത്യേക ഡ്യൂട്ടിക്കായി നിയോഗിക്കുന്നതെന്നും ഭക്തജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ഈ സംഘത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly